സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുവാൻ നടപടി

22 (7579) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നടക്കുന്ന അതിക്രമങ്ങളിൽ കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കി കുറ്റക്കാരെ നിയമനടപടികൾക്ക് വിധേയരാക്കുവാൻ കർശനമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള സമർപ്പിച്ച നിവേദനം

23 (7580) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ കേരള 17-6-2014-ൽ മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പിന്നോക്ക-ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഉള്ള പ്രവേശനത്തിന് സംവരണം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയപ്പോൾ ദളിത് ക്രൈസ്തവരെ അക്കൂട്ടത്തിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണമെന്ത് ;

(ഡി) വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ദളിത് ക്രൈസ്തവരെകൂടി പ്രസ്തുത വിദ്യാഭ്യാസ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly